പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2032 ,

17. 06. 2014 ൽ മറുപടിക്ക് ,

## വർദ്ധിച്ചുവരുന്ന വൈദ്യുതാപകട മരണങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. കെ. ബഷീർ | ശ്രീ. ആര്യാടൻ മുഹമ്മദ് .<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി അപകടങ്ങളിൽ കഴിഞ്ഞ മൂന്നുവർഷം സംസ്ഥാനത്ത് അഞ്ഞൂറില ധികം പേർ മരിച്ചത് ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിൽ നാൽപതിലധികം വൈദ്യുതിബോർഡ് ജീവന ക്കാർ ഉൾപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) വൈദ്യുതി അപകടങ്ങൾ കുറ യ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ? | (സി) വൈദ്യുത പ്രതിഷ്ഠാപനങ്ങൾ സുരക്ഷിതമായി പരിപാലിക്കുന്നതിനും അവയിൽ ജോലി ചെയ്യുമ്പോൾ സുരക്ഷാക്രമീകരണങ്ങൾ പാലിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി റഗുലേഷൻസ് അടിസ്ഥാനമാക്കി "സുരക്ഷാ മാന്വൽ" എന്ന പേരിൽ വൈദ്യുതി ബോർഡ് തയ്യാറാക്കി നൽകിയിട്ടുണ്ട്. നിലവിലുള്ള വൈദ്യുതശൃംഖല ബലപ്പെടുത്തുന്നതിനും, അറ്റകുറ്റപണികൾ നടത്തി അപകടരഹിതമാക്കുന്നതിനും, അതാത് സമയങ്ങളിൽ ബോർഡ് നിർദ്ദേശം നൽകുന്നുണ്ട്. അറ്റകുറ്റ പണികളുടെ വേളയിൽ സുരക്ഷാപരിപാലനത്തിനായി പ്രത്യേകം സുരക്ഷാ ക്രമീകരണ ചട്ടങ്ങൾ നിലവിലുണ്ട്. അവ പാലിക്കുന്നത് ഉറപ്പ് വരുത്തുന്നതിനായി സുരക്ഷാ ഉദ്യോഗസ്ഥരെ ചുമതലപ്പെടു ത്തിയിട്ടുണ്ട്. സുരക്ഷാ വീഴ്ചകൾ വരുത്തുകയും അപകടങ്ങൾക്ക് കാരണക്കാരാവുകയും |

ചെയ്യുന്നവർക്കെതിരെ ശിക്ഷാനടപടികൾ എടുക്കുന്നുണ്ട്. ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ നൽകുന്നതിന് ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജീവനക്കാർക്കായി സുരക്ഷാ പരിശീലന പരിപാടികളും പൊതുജനങ്ങൾക്കായി ബോധവത്കരണ പരിപാടികളും നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ